# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560

*ഫോൺ:* 0481-2733370


## വാർത്താക്കുറിപ്പ്

**2025 ഓഗസ്റ്റ് 11**

---

## പിജി, ബിഎഡ് അവസാന അലോട്ട്മെന്റിന് അപേക്ഷിക്കാം

*മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിൽ ബിരുദാനന്തരബിരുദ, ബിഎഡ് പ്രോഗ്രാമുകളിൽ പ്രവേശനത്തിനുള്ള അവസാന അലോട്ട്മെന്റിന് ഓൺലൈനിൽ അപേക്ഷിക്കാം.*

*സപ്ലിമെന്ററി അലോട്ട്മെന്റിനു ശേഷവും പ്രവേശനം ലഭിക്കാത്തവർക്കും ഇതുവരെ അപേക്ഷിക്കാൻ കഴിയാത്തവർക്കും* cap.mgu.ac.in *ഓഗസ്റ്റ് 12, 13 തീയതികളിൽ രജിസ്ട്രേഷൻ നടത്താം. നിലവിൽ പ്രവേശനം എടുത്തവർക്ക് അവസാന അലോട്ട്മെൻറിനായി അപേക്ഷിക്കാൻ കഴിയില്ല.*

*റാങ്ക് ലിസ്റ്റ് ഓഗസ്റ്റ് 14ന് പ്രസിദ്ധീകരിക്കും. ലിസ്റ്റിൽ ഉൾപ്പെടുന്നവർ കോളജുകളുമായി ബന്ധപ്പെട്ട് ഓഗസ്റ്റ് 16നു മുൻപ് പ്രവേശനം നേടണം.*

*(പി.ആർ.ഒ/39/1929/2025)*

## ഓണേഴ്സ് ബിരുദം; അവസാന അലോട്ട്മെന്റിന് രജിസ്റ്റർ ചെയ്യാം

*മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിൽ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളിൽ പ്രവേശനത്തിനുള്ള അവസാന അലോട്ട്മെന്റിന് ഓഗസ്റ്റ് 12വരെ ഓൺലൈനിൽ* (cap.mgu.ac.in) *രജിസ്റ്റർ ചെയ്യാം*

*(പി.ആർ.ഒ/39/1930/2025)*

## അസിസ്റ്റന്റ് പ്രഫസർ ; വാക്-ഇൻ-ഇന്റർവ്യൂ ഇന്ന്

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഗ്രാജ്വേറ്റ് സ്കൂളിൽ അസിസ്റ്റന്റ് പ്രഫ സർ തസ്തികയിൽ കരാർ നിയമനത്തിനുള്ള വാക്-ഇൻ-ഇന്റർവ്യൂ ഇന്ന്(ഓഗസ്റ്റ് 12)*

*വൈസ് ചാൻസലറുടെ ചേംബറിൽ നടക്കും. ഇംഗ്ലീഷ്(വിശ്വകർമ്മ), ഹിന്ദി(ഓപ്പൺ വിഭാഗം) വിഷയങ്ങളിലെ ഒന്നുവീതം ഒഴിവുകളിലേക്ക് യഥാക്രമം രാവിലെ 11നും 12നുമാണ് അഭിമുഖം. യുജിസി നിഷ്കർഷിക്കുന്ന യോഗ്യതകളുള്ളവരെയാണ് പരിഗണിക്കുന്നത്.*

*കോളജുകളിൽനിന്നും സർവകലാശാലകളിൽനിന്നും വിരമിച്ച അധ്യാപകർക്കും പങ്കെടുക്കാം. പ്രായം ഈ വർഷം ജനുവരിയിൽ 70 വയസ് കവിയരുത്. 2026 ഏപ്രിൽ 15 വരെയാണ് നിയമനം. താത്പര്യമുള്ളവർ വെബ്സൈറ്റിൽനിന്നും ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച അപേക്ഷാ ഫോറവും യോഗ്യതാ രേഖകളുടെ അസ്സലും പകർപ്പുകളുമായി നിശ്ചിത സമയത്തിന് ഒരു മണിക്കൂർ മുൻപ് എത്തണം.*

*(പി.ആർ.ഒ/39/1931/2025)*

## പരീക്ഷാ ഫലം

*മൂന്നാം സെമസ്റ്റർ എംഎസ്സി ഡാറ്റ സയൻസ് (2023 അഡ്മിഷൻ തോറ്റവർക്കുള്ള സ്പെഷ്യൽ റീ അപ്പിയറൻസ് ഏപ്രിൽ 2025) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 23 വരെ ഓൺലൈനിൽ അപേക്ഷിക്കാം. വിശദ വിവരങ്ങൾ* studentportal.mgu.ac.in *എന്ന ലിങ്കിൽ.*

*(പി.ആർ.ഒ/39/1932/2025)*

## പരീക്ഷാ കേന്ദ്രം അനുവദിച്ചു

*ഓഗസ്റ്റ് 25ന് ആരംഭിക്കുന്ന യു.ജി സെമസ്റ്റർ (2009 നു മുമ്പുള്ള അഡ്മിഷനുകൾ അവസാന സ്പെഷ്യൽ മെഴ്സി ചാൻസ്) പരീക്ഷകൾക്ക് കേന്ദ്രങ്ങൾ അനുവദിച്ചു. വിശദ വിവരങ്ങൾ വെബ് സൈറ്റിൽ. വിദ്യാർത്ഥികൾ രജിസ്റ്റർ ചെയ്ത സെന്ററിൽ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി അനുവദിച്ചിരിക്കുന്ന കോളേജിൽ പരീക്ഷയ്ക്ക് ഹാജരാകണം.*

*(പി.ആർ.ഒ/39/1933/2025)*

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

*നാലാം സെമസ്റ്റർ എംഎഡ് (സ്പെഷ്യൽ എജ്യുക്കേഷൻ-ഇന്റലക്ച്വൽ ഡിസബിലിറ്റി) രണ്ട് വർഷ 2023 അഡ്മിഷൻ റഗുലർ, 2021, 2022 അഡ്മിഷനുകൾ സപ്ലിമെന്ററി, 2020 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2019 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്) പരീക്ഷകൾ ഓഗസ്റ്റ് 27 മുതൽ ന്ടക്കും. ഓഗസ്റ്റ് 12 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ഓഗസ്റ്റ് 13 വരെയും സൂപ്പർ ഫൈനോടുകൂടി*

*ഓഗസ്റ്റ് 14 വരെയും അപേക്ഷ സ്വീകരിക്കും.*

*(പി.ആര്‍.ഒ/39/1934/2025)*

**പബ്ലിക് റിലേഷന്‍സ് ഓഫീസര്‍**